(ബി) സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; പ്രതിസന്ധി ഏതെല്ലാം നിലയിൽ ഇന്ന് സംസ്ഥാനം നേരിടുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ച ഏറ്റവും ഒടുവിലത്തെ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അപ്രകാരം ഒരു കുറിപ്പ് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായിട്ടില്ലെങ്കിൽ, നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും, സാധ്യതകളും എന്നിവ വിശകലനം ചെയ്യുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെങ്കിലും നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

(സി&ഡി) നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും സാധ്യതകളും എന്നിവ വിശകലനം ചെയ്യുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

## നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ

188 (163) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ശാസ്ത്ര-സാങ്കേതികശാസ്ത്ര-സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട് വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാം; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ശാസ്ത്ര - സാങ്കേതികശാസ്ത്ര - സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്സ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) 2012-13-ൽ മൂന്നാറിലെ പാർവ്വതി മലയാറിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുമെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുമെന്നും പ്രഖ്യാപിച്ചു. 2013-14-ൽ കരമന റിവർ മാനേജ്മെന്റ് പ്രോജക്ട് - (5 കോടി രൂപ), സയൻസ് സിറ്റി - (1 കോടി രൂപ), ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ് സെന്റർ - (10 കോടി രൂപ), സ്റ്റേറ്റ് ടെക്നോളജി ട്രാൻസ്ഫർ ഇൻസ്റ്റിറ്റ്യൂട്ട് - (5 കോടി രൂപ) എന്നിവ പ്രഖ്യാപിച്ചു. 2014-15-ൽ കേന്ദ്രസംസ്ഥാന ടെക്നോളജി പാർട്ട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. യുവ ശാസ്ത്രജ്ഞന്മാർക്കായുള്ള അവാർഡ്, ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് പരിശീലനം തുടങ്ങിയ വിവിധ പദ്ധതികൾക്കായി 22.51 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചു. ഈ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

(ബി) വകയിരുത്തപ്പെട്ട പദ്ധതി തുകയും അതിന്റെ ചെലവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ട്രഷറി അക്കൗണ്ടിൽ ബാക്കി തുക നീക്കിയിരിപ്പില്ല.

(സി) റീ-അപ്രോപ്രിയേഷൻ വഴി തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

## ബഡ്ജറ്റ് പദ്ധതികൾ

189 (164) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly